ഒരു വലൻറയിൻ കുറിപ്പ്

# വളപ്പൊട്ടുകളും മയിൽപ്പീലിയും

**സുധീർ പണിക്കവീട്ടിൽ**

മാംസനിബദ്ധമല്ലാത്ത അനുരാഗം തളിർക്കുന്നത് കൗമാര പ്രായത്തിൻെറ ആരംഭഘട്ടത്തിലാണ്. മുടി വളർത്തുന്ന, കണ്ണിൽ മഷിയെഴുതുന്ന, മുടിയിൽ പൂ ചൂടുന്ന, കഴുത്ത് മുതൽ മുട്ടു വരെ വസ്ത്രം കൊണ്ട് മൂടിയ ബാലികയെ ഒരു ട്രൗസർ മാത്രം ധരിച്ച് യതേഷ്ടം എവിടേയും സഞ്ചരിക്കാൻ വിലക്കുകളില്ലാത്ത ബാലൻ കൗതുകത്തോടെ നോക്കി അവളോട് പേരെന്തെന്നു ചോദിക്കുമ്പോൾ പേരക്ക എന്നു പറഞ്ഞ് കിലുകിലെ ചിരിച്ച്കൊണ്ടോടികളയുന്നു അവൾ. ആൺകുട്ടി വിസ്മയാധീനനായി അവളെ കണ്ണെടുക്കാതെ നോക്കി നിൽക്കുമ്പോൾ പേരു് നാളെ പറയാമെന്ന് അവൾ വിളിച്ച് പറയുന്നു. "നാളെ" എന്ന ദിവസം ആ കൗമാരകാരൻെറ മനസ്സിൽ ഒരു ആകർഷണമായി മാറുകയാണപ്പോൾ. എതിർലിംഗത്തോടുള്ള ഇണയുടെ ആകർഷണമല്ല ഇവിടെ. എന്നാൽ പേരു പറയാനാവാത്ത ഒരിഷ്ടത്തിൻെറ പൂഞ്ചോലകൾ അവരുടെ മനസ്സിൽ ഒഴുകി ചേരുന്നുണ്ട്. നാലുമണി പൂക്കൾ വിരിയുമ്പോൾ വിയർപ്പിൽ കുതിർന്ന കണമഷിയുടേയും ചാന്തുപ്പൊട്ടിൻേറയും വാസനയുമായി. അവൾ വീണ്ടും ഓടിയെത്തുന്നു. കരിവളകൾ അണിഞ്ഞ കൈകൾ മാറിലടുപ്പിച്ച് പിടിച്ച് അവൾ എന്തോ കൊണ്ടു വരുന്നു. ഞാൻ നിനക്ക് ഒരു സാധനം കൊണ്ട് വന്നിട്ടുണ്ട്. അവൾ ചുറ്റിലും നോക്കി പതുക്കെ മന്ത്രിക്കുന്നു. ആരും കാണരുത്, ആരോടും പറയരുത്. അനുരാഗരഹസ്യങ്ങളുടെ ആദ്യത്തെ താക്കോൾ അവർ അപ്പോൾ കൈമാറുന്നു.

പ്രേമാം കൊണ്ടാടുന്ന വലൻറയിൻ ദിനമെന്ന ദിവസത്തെക്കുറിച്ചറിയാത്ത ആ ഗ്രാമീണ കുട്ടികൾ പരസ്പരം കൈ മാറുന്നത് വളപൊാ്ടുകളും മയിൽ പീലിയുമാണ്. മയിൽപീലി മാനം കാണിക്കാതെ പുസ്തകതാളിൽ ഒളിപ്പിച്ച് വയ്ക്കാൻ നിഷ്ക്കളങ്കരായ അവർ തീരുമാനിക്കുന്നു. "ഇടക്ക് നോക്കരുത്"എന്നു പെൺകുട്ടി ആൺകുട്ടിക്ക് താകീത് നൽകുന്നു. നോക്കിയാൽ അത് പെറ്റു പെരുകില്ല. നോക്കാതിരുന്നാൽ നമുക്ക് ഒത്തിരിക് മയിൽപീലികൾ ഉണ്ടാകും. മയിൽപീലി അങ്ങനെ ഒളിപ്പിച്ച് വച്ചാൽ അത് കുഞ്ഞ് മയിൽപീലികളെ പ്രസവിക്കുമത്രെ. "എന്നിട്ടെന്തിനാണ്" ആൺകുട്ടിക്ക് അതിൽ അത്ര താൽപ്പര്യമില്ല. അവൾ നാളേയും വരുമോ എന്നാണു അവൻ അറിയേൻറത്. അവൻെറ മനസ്സിൽ ഒരു "ഇത്" വന്നു മുട്ടി നിൽക്കുന്നു. "നാളെ" കാത്തിരിക്കാൻ ഒരു ദിവസം. അവളുടെ മനസ്സിലും ആൺകുട്ടിയെപോലെ ഒരു "ഇത് " ഉണ്ട്. ആ ഇത് കാലം മുന്നോാട്ട് നീങ്ങുമ്പോൾ അവളുടെ മനസ്സിലെ ചില്ലകളെ പൂവണയിക്കുന്നു. പ്രണയാഭിലാഷങ്ങളുടെ വിടരൻ കൊതിക്കുന്ന പൂമൊട്ടുകൾ

ചില്ലകളിൽ നിറയുന്നു.  അവളുംഎ ഉൾപുളകങ്ങളിൽ അനുരാഗ തെൻ നിറയുന്നു കടാക്ഷ ശാസ്ത്രമറിയാത്ത കടക്കണ്ണുകളിൽ പരൽ മീനുകൾ ഓടിക്കളിക്കുന്നു. പിന്നെ താരമ്പൻ കൊട്ടും മേളവും തുടങ്ങുകയായി. കരിമ്പിൻെറ വില്ലും തേനെച്ചകളാർക്കുന്ന പൂവ്വമ്പുകളുമായി കമദേവൻ അവരുടെ ജീവിതതിൽ പ്രണയോത്സവത്തിനുള്ള കൊടിയേറ്റം ആരംഭിക്കും. അവളുടെ അംഗോപാംഗങ്ങളിലേക്ക് അവൻെറ കണ്ണുകൾ പായുന്നു. 'കിളി ചുണ്ടൻ മാമ്പഴമേ, കിളി കൊത്താ തേൻപഴമേ." എന്നു അവളെ നോക്കി അവൻ പാടുന്നു. വേറെ കിളികളൊന്നും കൊത്തരുതെന്ന ഒരു അസൂയയും ആ വരികളിലുണ്ട്.

എത്ര പെട്ടന്നാണു കാലം അവരിൽ മാറ്റങ്ങൾ വരുത്തുന്നത്. മയിൽപീലി പെറ്റു പെരുകുന്നത് ജിജ്ഞാസയോടെ, അക്ഷമയോടെ കാത്തിരുന്ന കൗമാരം. വളപൊട്ടുകളെകൊണ്ടുണ്ടാക്കുന്ന പലതരം കരകൗശലങ്ങൾ, മുടിയിൽ ചൂടാൻ പൂക്കളിറുക്കൽ, കൊതിപ്പിച്ച്കൊണ്ട് പറന്നകലുന്ന ചിത്രശലഭങ്ങൾക്ക് പുറകെ മത്സരിച്ച്യോട്ടം. അപ്പോൾ നിർമ്മല രാഗത്തിൻെറ കുളിർതെന്നൽ അവരെ ചുറ്റി പിടിക്കുന്നു. സുഖശീതളമായ ആ ആലിംഗനത്തിൽ അവരും പൂക്കളെപോലെ, പൂമ്പാറ്റകളെപോലെ പാറി നടക്കുന്നു. നിർമ്മല രാഗത്തിൻെറ തുഷാരബിന്ദുക്കൾ തുളുമ്പി നിൽക്കുന്ന ഹ്രുദയത്തിലെ പുൽക്കൊടി തുമ്പിൽ അവരുടെ കൊച്ച് ലോകം പ്രതിബിമ്പിക്കുന്നു. എല്ലാം സുഖം സുഖകരം.

എന്നാൽ ശരീരത്തിൽ വരുന്ന മാറ്റങ്ങൾ അവരെ മാറ്റി മറയ്ക്കുന്നു. എതിർലിംഗക്കാരെ കാണുമ്പോൾ ആഗ്രഹമുണ്ടാകുന്നു, ആകർഷണമുണ്ടാകുന്നു. ആദ്യത്തെ കാസ്ച്ചയിൽ പ്രേമമം തോന്നിയെന്നൊക്കെ കവികളുടെ ഭാഷ്യമാണു. ആഗ്രഹം അല്ലെങ്കിൽ കാമമാണു ആദ്യമുണ്ടാകുന്നതെന്നാണ് ശരിയെന്ന് എത്രയോ പേർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നു.  ശാസ്ത്രം അതിനെ അനുകൂലിക്കയും ചെയ്തിരിക്കുന്നു, . ശരീരത്തിൽ ഹോറ്മോണുകൾ പ്രവർത്തിക്കുമ്പോൾ കൗമാരകാലത്തെ അടുപ്പവും, സ്നേഹവുമൊക്കെ മാറിപോകുന്നു. അതിനു ഒരു പുതിയ മാനം കൈവരുന്നു. പരസ്പരം കാണുമ്പോൾ യൗവ്വനയുക്തരായ അൺകുറ്റികൾക്കും, പെൺകുട്ടികൾക്കും കെട്ടിപിടിക്കാനും ഉമ്മവയ്ക്കാനുമൊക്കെ അഭിനിവേശം ഉണരുന്നു. മനസ്സ് സ്വപ്നങ്ങളിൽ മുഴുകുമ്പോൾ ശരീരം യാഥാർത്ഥ്യങ്ങളിലേക്ക് കുതിക്കാൻ വെമ്പുന്നു. അവിടം മുതൽ അനുരാഗം മാംസനിബദ്ധമാകുന്നു. വീണ്ടും ശരീരത്തിലെ ഹോർമ്മോണുകൾക്ക് ബലക്ഷയം ഉണ്ടാകും വരെ. കാമദേവൻെറ അമ്പുകൾ വന്നു പതിക്കുന്നത് ഹ്രുദയത്തിലേക്കാണല്ലോ? പ്രായം കൂടുമ്പോൾ ഹ്രുദയവും ചില പണിമുടക്കുകളിൽ ഏർപ്പെടുന്നു. ആഗ്രഹങ്ങൾ ഉൾകൊള്ളാൻ ഹ്രുദയം ദുർബ്ബലമാകുന്ന നിസ്സഹായാവസ്ഥയിലായിരിക്കും ചിലർ വയസ്സൻ കാലത്തെ ഉദാത്ത പ്രേമത്തെപ്പറ്റിയൊക്കെ എഴുതിവച്ചത്. വാസ്തവത്തിൽ ഉദാത്ത പ്രേമം ഉണ്ടകുന്നത് കൗമാരത്തിലും  യൗവ്വനത്തിൻെറ ആരംഭത്തിലുമായിരിക്കും.

ഭാഷയുണ്ടായത് സ്നേഹപ്രകടനങ്ങൾക്ക് വേണ്ടിയല്ലേ എന്നു തോന്നിപ്പോകും വിധം എന്തെല്ലാം രചനകളാണു നമുക്ക് വായിക്കാൻ കിട്ടുന്നത്. പ്രണയാദ്രഭാവങ്ങൾ കാട്ടി ഹ്രുദയവും കൊണ്ടോടിപോകുന്ന പെൺകുട്ടിയെനോക്കി ആൺകുട്ടികൾ പറഞ്ഞതെല്ലാ കവിതകളായി, കഥകളായി. അതൊക്കെ വായിച്ച നമ്മൾ അത്ഭുതപരതന്ത്രരായി. നായികയെ നോക്കി നായകൻ ഇങ്ങനെ പാടുന്നു. ചന്ദ്രരശ്മികൾ പോലെ വിളങ്ങുന്നു നിൻെറ മുഖം, സ്വർണ്ണം പോലെ തിളങ്ങുന്ന നിൻെറ അളഗങ്ങൾ, തടാകം പോലെയുള്ള നീലക്കണ്ണുകൾ അതിൽ ആഴമുള്ള ഏതോ രഹസ്യം, നിന്നെ സ്രുഷ്ടിച്ചവനെ ഞാൻ എങ്ങനെ പ്രശംസിക്കും. അന്തിമ ദിവസമെന്ന ഒന്നുണ്ടെന്നു ആളുകൾ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട് നിന്നെ കണ്ടതിൽപിന്നെ അത് ശരിയാണെന്നു എനിക്ക് ബോദ്ധ്യമായി.

പ്രേമം ഒരു മാനസിക രോഗമാണെന്നു പ്ലേറ്റൊ പറഞ്ഞത് ശരിയാണെന്നു എത്രയോ പ്രേമകഥകൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. ഈ പ്രേമകാവ്യങ്ങളിലെല്ലാം തന്നെ ലൈംഗിക മോഹങ്ങൾ ഉൾകൊണ്ടിരിക്കുന്നത് കാണാം. പ്രേമത്തിൻെറ ഉദാത്ത ഭാവങ്ങൾ അവയിൽ പ്രകടമെങ്കിലും അന്തർലീനമായി കിടക്കുന്നത് കാമം തന്നെ. പ്രേമിച്ചയാൾക്ക് വേണ്ടി ജീവത്യാഗം ചെയ്യുന്നതൊക്കെ അനശ്വരപ്രേമത്തിൻെറ ഉദാത്ത മാത്രുകയായി കരുതുന്നവരുണ്ട്. "പഴകിയ തരുവല്ലി മാറ്റിടാം പുഴയൊഴുകും വഴി വേറെയാക്കിടാം; കഴിയുമിവ മനസ്വിമാർ മനസ്സൊഴിവതസക്യമൊരാളിലൂന്നിയാൽ"എന്നു കവിവാക്യം. എന്തുകൊണ്ട്? പുരുഷമേധാവിത്വം കൽപ്പിച്ച് വച്ചിരിക്കുന്ന നിയമങ്ങൾ മൂലം ഒരാളെ മാത്രമേ സ്നേഹിക്കാവു അദ്ദേഹം വിവാഹം കഴിച്ചാലും കന്യകയായി തന്നെ കഴിയണമെന്ന ശാസ നം. ആ ശാസനയെ ദൈവീകമായി കണ്ട് എത്രയോ യുവതികൾ വ്രുദ്ധ കന്യകളായി പരലോകം പൂണ്ടു. ശാരീരികമായി അടുക്കാൻ കഴിയാതെ വന്നപ്പോൾ ബ്രഹ്മചര്യം സ്വീകരിക്കുന്നതും മാംസനിബദ്ധമാണു അനുരാഗമെന്നതിനു തെളിവാണ്. സ്ത്രീ പുരുഷന്മാർ ലൈംഗികബന്ധത്തിൽ ഏർപ്പെടുകയെന്നത് പ്രക്രുതിയുടെ ആവശ്യമാണ്. വിഷയേഛയില്ലാത്ത പ്രേമം (Platonic love) എന്നു പറയുന്നത് കാപട്യമാണ്. അതു കൗമാര മനസ്സുകളിൽ ഉഷസുഷമ പോലെ സ്ഥിതി ചെയ്യുന്നതാണ്. സൂര്യോദയം കഴിഞ്ഞാൽ പിന്നെ വെയിലിനു ചൂടു കൂടി വന്നു അസ്തമനത്തോടടുക്കുമ്പോൾ കുറഞ്ഞ്കൊണ്ടിരിക്കുന്നു. കാലം എല്ലാം മാറ്റി മറച്ചുകളഞ്ഞു. ഇപ്പോൾ ആദർശങ്ങളേക്കാൾ മനുഷ്യർ പ്രായോഗികതയിൽ കൂടുതൽ ഊന്നൽ കൊടുക്കുന്നു. മരിച്ച്പോയ പ്രിയനു വേണ്ടി ജീവത്യാഗം ചെയ്യുന്ന, ജീവിച്ച്കൊണ്ടു തന്നെ ബലിയാടുകളാകുന്ന മഹിളകളുടെ ചരിത്രം നമ്മൾ വായിച്ചിട്ടുണ്ട്. രസകരമായ ഒരു കഥ ശ്രദ്ധിക്കുക. ഭർത്താവിൻെറ കുഴിമാടത്തിനരികെ വീശരി കൊണ്ട് വീശികൊണ്ടിരിക്കുന്ന ഒരു യുവതിയെ കണ്ട സന്യാസി വളരെ ബഹുമാനത്തോടെ അവളെ സമീപിച്ചു. കല്ലുകൊണ്ട് പണിത് സിമൻറിട്ട ആ തറക്കരികിൽ ഹ്രുദയ വേദനയോടെയായിരിക്കും അവൾ ഇരിക്കുന്നതെന്നു കരുതി സന്യാസി അവളെ സാന്ത്വനിപ്പിക്കാൻ ശ്രമിച്ചു. അവൾ പറഞ്ഞ മറുപടി സന്യാസിയെ അതിശയിപ്പിച്ചു. അവൾ പറഞ്ഞു. ഈ സിമൻറ് ഉണങ്ങാതെ എനിക്ക് വേറെ വിവാഹം കഴിക്കാൻ എൻെറ

സമൂഹം അനുവദിക്കില്ല. ഞാൻ എത്രയും പെട്ടെന്നു ഇതുണക്കാൻ വേണ്ടി വീശുകയാണു. അതു കേട്ട് വിയർത്ത് സന്യാസിയും കയ്യിലിരുന്ന് വിശറി വീശികൊണ്ട് നടന്നകന്നു. അനശ്വരപ്രേമത്തിൻെറ സ്മാരകമായി നിലകൊള്ളുന്ന ടാജ് മഹൽ, സ്നേഹമയിയായ ഭാര്യയുടെ ഓർമ്മക്കായി ചക്രവർത്തി തീർത്തുവെന്നു വിശ്വസിക്കുന്ന വെൺകുളിർ സൗധം. എന്നാൽ ചക്രവർത്തി എന്തു ചെയ്തു. യശശ്ശരീരനായ ഒ എൻ വി എഴുതിയ വരികൾഃ ‘‘മാതളം പൂത്തു വീണ്ടും, മാങ്കനിയുലഞ്ഞാടി, മാദകപികാലാപ ലോലമായി മലർവാടി, മധുരം മലർമാസം, സുൽത്താൻെറ മനസ്സോതോ മറവി പിണഞ്ഞപോൽ പിന്നേയുമസ്വസ്ഥമായ്. മുഗ്ദ്ധലജ്ജായാർന്നൊരു മധുരപ്പതിനേഴിൻ കൈത്തലം തഴുകിക്കൊണ്ടവിടെ നിന്നു സുൽത്താൻ.

വാലൻറയിൻ ദിനം പ്രേമിച്ചവർക്കും, പ്രേമിച്ചുകൊണ്ടിരിക്കുന്നവർക്കും മാത്രം ആഘോഷിക്കാനുള്ളതല്ലേ എന്നു പലരും സംശയിക്കുന്നു. വാസ്തവത്തിൽ നമ്മെ സ്നേഹിക്കുന്നവരെ നമ്മൾ സ്നേഹിക്കുന്നവരെ എല്ലാം ഈ ദിവസത്തിൽ ഓർക്കാം. സ്നേഹത്തിനു വേണ്ടി നീക്കിവച്ചിരിക്കുന്ന ഈ സുദിനം പോലെ വേറേ ഏതു ദിവസമുണ്ട്.? എല്ലാവർക്കും സ്നേഹസുരഭിലമായ വലൻറയിൻ ദിനം നേരുന്നു.

## ശുഭം